aswas PLUS പോളിസി

# ആശ്വാസ് പ്ലസ്

## "എന്റെ കുടുംബ സുരക്ഷ, സഹജീവിക്കൊരു സാന്ത്വന സ്പർശം"

### എന്താണ് ആശ്വാസ് പ്ലസ്?

ആയുർവേദ ഡോക്ടർമാരുടെ കുടുംബ സുരക്ഷിതത്വം ലക്ഷ്യമാക്കി AMAI ആരംഭിച്ച നൂതന പദ്ധതിയാണ് ആശ്വാസ് പ്ലസ് ഇൻഷുറൻസ് സ്കീം. അപ്രതീക്ഷിതമായി നമ്മെ വിട്ടുപിരിഞ്ഞു പോകുന്ന നമ്മുടെ സഹപ്രവർത്തകരുടെ ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് നൽകാൻ കഴിയുന്ന ചെറിയൊരു സാന്ത്വന സ്പർശം കൂടിയാണ് ആശ്വാസ് പ്ലസ്. മരണപ്പെടുന്ന ഓരോ ഡോക്ടറുടെ കുടുംബത്തിന് നാം ഓരോരുത്തരും കേവലം 200 രൂപ മാത്രം നൽകുക. എല്ലാവരും ഒത്തുചേരുമ്പോൾ അതൊരു വലിയ തുകയാകും. കുട്ടികളുടെ വിദ്യാഭ്യാസത്തിനോ വിവാഹാവശ്യത്തിനോ ഇതൊരു വലിയ ആശ്വാസമാവുകയും ചെയ്യും.

### ആർക്കൊക്കെ ഇതിൽ ചേരാം?

AMAI അംഗങ്ങളായ 55 വയസ്സുവരെ പ്രായമുള്ള ആർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാം. അംഗത്വത്തിനായി ഒറ്റ പ്രാവശ്യം മാത്രം നല്കേണ്ട തുക

| | | |
|---|---|---|
| 30 വയസ്സുവരെ | – | 1000.00 രൂ. |
| 30 മുതൽ 40 വയസ്സുവരെ | – | 1500.00 രൂ. |
| 40 മുതൽ 50 വയസ്സുവരെ | – | 2000.00 രൂ. |
| 50 മുതൽ 55 വയസ്സുവരെ | – | 3000.00 രൂ. |

300 രൂപയാണ് വാർഷിക വരിസംഖ്യ.

അപേക്ഷാഫോറം പൂരിപ്പിച്ച് മെമ്പർഷിപ്പ് തുകയും വാർഷിക വരിസംഖ്യയും ചേർത്ത് AMAI അങ്കമാലി ഓഫീസിലേക്ക് അയയ്ക്കുകയേ വേണ്ടൂ.

### എത്രനാൾ വരെ പോളിസി നിലനിർത്താം...?

നിങ്ങൾ എത്രനാൾ വരെ AMAI അംഗമായി തുടരുമോ അത്രയും കാലം വാർഷിക വരിസംഖ്യയായ 300 രൂപയും ഓരോ ക്ലെയിമിനും 200 രൂപയും മാത്രം അടച്ച് ഈ പദ്ധതിയിൽ തുടരാവുന്നതാണ്. പദ്ധതിയിൽ ചേരുന്നത് 55 വയസ്സിന് മുമ്പായിരിക്കണം എന്നുമാത്രം.

### പദ്ധതിയുടെ പ്രയോജനം എന്ത്?

ആരംഭിച്ച് ആദ്യവർഷം തന്നെ രണ്ടു ലക്ഷത്തിലേറെ രൂപ ഓരോ ക്ലെയിമിനും നൽകാവുന്ന നിധിയായി ആശ്വാസ് പ്ലസ് മാറിക്കഴിഞ്ഞു. 5 വർഷം കൊണ്ട് പത്ത് ലക്ഷം രൂപാ ക്ലെയിം നൽകത്തക്ക സ്കീം ആയി ഇതിനെ വളർത്താനാണ് AMAI ലക്ഷ്യമിടുന്നത്. വളരെ ചെറിയ ഒരു മെമ്പർഷിപ്പ് ഫീസും തുച്ഛമായ വാർഷിക ഫീസും കണക്കാക്കി നോക്കുമ്പോൾ മറ്റ് ഏതൊരു ഇൻഷുറൻസ് പദ്ധതിയെക്കാൾ ചുരുങ്ങിയ ചിലവിൽ നമ്മുടെ കുടുംബത്തിന് വലിയ സുരക്ഷിതത്വം ഉറപ്പാക്കുന്നു. നാം മുടക്കുന്ന ഓരോ രൂപയും നമ്മെ വിട്ടുപിരിയുന്ന സഹയാത്രികരുടെ സന്തപ്ത കുടുംബങ്ങൾക്ക്

സാന്ത്വന സ്പർശമാകുന്നു എന്നറിയുക. മറ്റ് ഇൻഷുറൻസ് കമ്പനികളെപ്പോലെ നാം അടയ്ക്കുന്ന തുകയിൽ നല്ലൊരു വിഹിതം ലാഭമായി മാറ്റപ്പെടുന്നില്ല എന്നു സാരം.

## പദ്ധതിയുടെ സ്ഥിരത എന്താണ്...?

സംസ്ഥാന കമ്മിറ്റി തിരഞ്ഞെടുത്ത ഇൻഷുറൻസ് സബ് കമ്മിറ്റിയാണ് പദ്ധതി നടത്തുന്നത്. ഓഡിറ്റ് ചെയ്ത അക്കൗണ്ട് എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പ് AMAI യുടെ ഭരണഘടനയുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. പോളിസി എടുക്കുന്നവർക്ക് കൃത്യമായി സർട്ടിഫിക്കറ്റും ബൈലോയും അയച്ചുകൊടുക്കുന്നു. വാർഷിക മെമ്പർഷിപ്പ് ഓർമ്മപ്പെടുത്തി അടപ്പിക്കുവാനും സംവിധാനമുണ്ട്. ബൈലോ പ്രകാരം ആശ്വാസ് പ്ലസ് അക്കൗണ്ടിലെ തുക മറ്റൊരാവശ്യങ്ങൾക്കും വിനിയോഗിക്കപ്പെടാനാവില്ല. അങ്കമാലി AMAI സംസ്ഥാന കമ്മിറ്റി ഓഫീസിൽ ഇതിനായി പ്രത്യേക സ്റ്റാഫും സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

## എത്രനാൾ വരെ പോളിസി നിലനിർത്താം..?

25 വർഷം തുടർച്ചയായി അടച്ചശേഷം പ്രീമിയം അടയ്ക്കേണ്ടതില്ല. പോളിസി കവറേജ് തുടരും. 25 വർഷം കഴിഞ്ഞവർ മെമ്പർഷിപ്പ് ഫീസ് മാത്രം അടച്ചാൽ മതി.

## ക്ലെയിം സെറ്റിൽമെന്റിന് കാലതാമസമെടുക്കുമോ?

ഇത് നമ്മുടെ സ്വന്തം ഇൻഷുറൻസ് പദ്ധതിയാണ്. ക്ലെയിമുകൾ യാതൊരു കാലതാമസവും ഇല്ലാതെ സെറ്റിൽ ചെയ്യാം. AMAI ജില്ലാ സെക്രട്ടറിയുടെ അറിയിപ്പ് ലഭിച്ചാലുടൻ 7 ദിവസത്തിനകം മുൻവർഷത്തെ അംഗങ്ങളുടെ എണ്ണത്തിനനുസൃതമായ ക്ലെയിം നോമിനിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യും. അംഗങ്ങളുടെ മെമ്പർഷിപ്പ് ഫീ ഒന്നിക്കുന്ന കോർപ്പസ് ഫണ്ടിലെ തുകയാണ് ക്ലെയിം സെറ്റിൽ മെന്റിന് വിനിയോഗിക്കുന്നത്. ക്ലെയിമിനനുസൃതമായ പ്രീമിയം തൻവർഷം അംഗങ്ങളിൽ നിന്ന് ശേഖരിച്ച് കോർപ്പസ് ഫണ്ടിലേക്ക് മാറ്റുന്നു. ഇത്രയും ലളിതമായ ഒരു പദ്ധതി നാമോരോരുത്തരും പരമാവധി ഉപയോഗപ്പെടുത്തുക.

### ആശ്വാസ് പ്ലസിൽ അംഗങ്ങളായവരുടെ ശ്രദ്ധയ്ക്ക്

ആശ്വാസ് പ്ലസ് അംഗത്വം മുടങ്ങാതിരിക്കുന്നതിന് (2019-ൽ ഇതുവരെ പുതുക്കിയില്ലെങ്കിൽ)

(1) എ.എം.എ.ഐ. അംഗത്വം പുതുക്കുക.

(2) 2019-ലെ ആശ്വാസ് പ്ലസ് അംഗത്വഫീസായ 300 രൂപ അക്കൗണ്ടിൽ അടയ്ക്കുക.

(Cheque/DD should be favouring **"ASWAS PLUS" A/c,** AMAI and Payable at **FEDERAL BANK, ANGAMALY Branch**. NEFT should be to **ASWAS PLUS Account No: 10020100470190 Federal Bank, Angamaly, IFSC Code: FDRL0001002,** Transfer by Core Banking should be accompanied by a copy of pay in slip/UTR Number must be informed to **Dr. Jayachandran (Convenor) Ph: 94463 77737** or **Dr. Krishnakumar (Chairman) Ph: 98472 52149**

### കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

| | |
|---|---|
| **ഡോ. ജയചന്ദ്രൻ** (കൺവീനർ, Insurance Sub Committee) | **ഫോൺ:** 94463 77737 |
| **ഡോ. കൃഷ്ണകുമാർ** (ചെയർമാൻ, Insurance Sub Committee) | **ഫോൺ:** 98472 52149 |
| **ഡോ. രാജു തോമസ്** (പ്രസിഡന്റ്, AMAI) | **ഫോൺ:** 94472 87360 |
| **ഡോ. സാദത്ത് ദിനകർ** (ജനറൽ സെക്രട്ടറി, AMAI) | **ഫോൺ:** 98959 89586 |